## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 455 01.12.2015-ൽ മറുപടിയ്ക്ക്**

## ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) തൃശൂർ ജില്ലയിലെ എരുമപ്പെട്ടി 33 കെ. വി. സബ്സ്റ്റേഷന്റെ നവീകരണത്തിനായി ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന പ്രകാരം (DDUGJY) 80 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ ; | (എ) | DDUGJY – യുടെ പ്രാഥമിക പദ്ധതി രേഖയിൽ പ്രൊപ്പോസൽ ഉൾപ്പെടുത്തിയിരുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; വിശദാംശം വ്യക്തമാക്കാമോ ; | (ബി) & (സി) | 111.44 കോടി രൂപയുടെ പദ്ധതി നല്കിയതിൽ 46.74 കോടി രൂപയാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്. ആയതിനാൽ എരുമപ്പെട്ടി സബ് സ്റ്റേഷന്റെ നവീകരണം ഇതിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യതക്കനുസരിച്ചും എരുമപ്പെട്ടി സബ് സ്റ്റേഷന്റെ നവീകരണം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) കഴിയുന്നത്ര വേഗത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.